15 -ാം കേരള നിയമസഭ

11 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5788 | 08-07-2024 - ൽ മറുപടിയ്ക്ക്

## നെൽ സംഭരണത്തിലെ കേന്ദ്ര വിഹിതം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നെൽകർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ലിന്റെ വില എങ്ങനെയാണ് കർഷകരിലേയ്ക്ക് എത്തിക്കുന്നത്; | (എ) | *സംസ്ഥാന സർക്കാരിന്റെ നോഡൽ ഏജൻസിയായ സപ്ലൈകോയുടെ മേൽനോട്ടത്തിൽ കർഷകരുടെ കൃഷിയിടത്തിൽ നിന്ന് നെല്ല് സംഭരിച്ച്, കരാറിലേർപ്പെട്ടിട്ടുള്ള മില്ലുകൾ മുഖാന്തിരം അരിയാക്കി (CMR- Custom Milled Rice) പൊതുവിതരണ സംവിധാനത്തിലൂടെ (റേഷൻകട) നൽകുന്നതിന് ഏകദേശം 6 മാസത്തിൽ കുറയാതെ സമയമെടുക്കുന്നതാണ്. ടി അരി (CMR) റേഷൻഷോപ്പ് വഴി AAY, PHH വിഭാഗങ്ങൾക്ക് വിതരണം നടത്തി 'അന്നവിതരണ' പോർട്ടലിൽ സിവിൽ സപ്ലൈസ് വകുപ്പ് ആയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നു. അതിനുശേഷം ആയതിന്റെ ക്ലെയിം തയ്യാറാക്കി മൂന്നുമാസത്തിലൊരിക്കൽ നൽകുമ്പോൾ മാത്രമാണ് നെല്ലിന്റെ താങ്ങുവില (MSP- Minimum Support Price) കേന്ദ്ര സർക്കാരിൽ നിന്ന് സപ്ലൈകോയ്ക്ക് ലഭിക്കുന്നത്. ഓരോ സീസണിലും നെല്ല് സംഭരണം മുതൽ കേന്ദ്ര സർക്കാരിൽ നിന്ന് ഫണ്ട് സപ്ലൈകോയ്ക്ക് ലഭിക്കുന്നതുവരെ 6 മുതൽ 8 മാസം വരെ കാലതാമസം നേരിടുന്നുണ്ട്. 2024-25 സീസണിൽ നാളിതുവരെ നിലവിൽ കേന്ദ്ര സർക്കാരിൽ നിന്ന് MSP ഇനത്തിൽ **1079.50** കോടി രൂപ കിട്ടുവാനുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും കുടിശ്ശികയായ തുക ലഭ്യമാകാത്ത സാഹചര്യത്തിൽ സംഭരിച്ച നെല്ലിന്റെ തുക കർഷകർക്ക് സമയബന്ധിതമായി നൽകുവാൻ സാധിക്കാതെ വരുന്നുണ്ട്. കർഷകന് സമയബന്ധിതമായും* |

| | | | |
|---|---|---|---|
| | | | പൂർണ്ണമായും സംഭരണവില നൽകുന്നതിനുവേണ്ടി മാത്രമാണ് പി.ആർ.എസ് വായ്പ പദ്ധതി പ്രകാരം സപ്ലൈകോ കർഷകർക്ക് പണം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്. 2023-24 സീസണിൽ കർഷകരുടെ നെല്ല് പരമാവധി വേഗത്തിൽ സംഭരിച്ച് വില അവരുടെ അക്കൗണ്ടുകളിൽ നൽകുന്നതിന് എസ്.ബി.ഐ, കാനറ എന്നീ കൺസോർഷ്യം ബാങ്കുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിട്ടുള്ളതും, പി.ആർ.എസ് വായ്പാപദ്ധതി പ്രകാരം കർഷകന്റെ ബാങ്ക് അക്കൗണ്ടിൽ നെല്ലിന്റെ വില നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. പി.ആർ.എസ് പദ്ധതി പ്രകാരം നെല്ലിന്റെ വില കർഷകരുടെ പേരിൽ ലോണായി നൽകുകയും പലിശ സഹിതം സപ്ലൈകോ സമയബന്ധിതമായി തിരിച്ചടയ്ക്കുകയും ചെയ്യുന്ന രീതിയാണ് നിലവിലുള്ളത്. വർഷാവർഷങ്ങളിൽ നെല്ല് സംഭരണത്തിന് കർഷകർക്ക് നൽകേണ്ട തുക കേന്ദ്ര സർക്കാർ സമയ ബന്ധിതമായി നൽകുന്ന പക്ഷം ആയതു നേരിട്ട് കർഷകരുടെ അക്കൗണ്ടുകളിലേയ്ക്ക് നൽകാൻ സാധിക്കുന്നതാണ്. |
| (ബി) | കേന്ദ്ര സർക്കാർ നെൽസംഭരണത്തിന് നിശ്ചയിട്ടുള്ള തുക എത്രയാണ്; ഈ തുക സംസ്ഥാനത്തെ നെൽകർഷകർക്ക് എങ്ങനെയാണ് നൽകുന്നത്; | (ബി) | ***2023-24 സീസണിൽ നെല്ല് സംഭരണത്തിനുള്ള കേന്ദ്ര താങ്ങുവില(MSP) ഒരു കിലോ നെല്ലിന് 21.83 രൂപ ആണ്. നെല്ല് സംഭരണത്തിന്റെ അടിസ്ഥാന താങ്ങുവില എല്ലാ സീസണുകളിലും അഗ്രികൾച്ചർ പ്രൈസ് കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരാണ് പ്രഖ്യാപിക്കുന്നത്. ഇതോടൊപ്പം സംസ്ഥാന സർക്കാർ നൽകുന്ന പ്രോത്സാഹന ബോണസ് കൂടി ചേർത്തിട്ടാണ് കേരളത്തിലെ സംഭരണവില സംസ്ഥാന*** |

| | | | |
|---|---|---|---|
| | | | ***സർക്കാർ പ്രഖ്യാപിക്കുന്നത്. 2023-24 സീസണിൽ നെല്ല് സംഭരണത്തിനുള്ള കേന്ദ്ര താങ്ങുവില (MSP) ഒരു കിലോ നെല്ലിന് 21.83 രൂപയും സംസ്ഥാന പ്രോത്സാഹന ബോണസ് (SIB) 6.37 രൂപയും, 0.12 രൂപ നിരക്കിൽ കൈകാര്യ ചെലവും ഉൾപ്പെടെ നെല്ലിന്റെ കർഷകർക്കുള്ള വില 28.32 രൂപ/kg ആണ്.*** |
| (സി) | കേന്ദ്ര വിഹിതം ഇപ്പോൾ കുടിശ്ശികയായുണ്ടോ ; ഏത് സീസണിലേതാണെന്നും എത്ര തുകയാണ് കുടിശ്ശിക ആയിട്ടുള്ളതെന്നും വ്യക്തമാക്കാമോ; ഈ തുക സംസ്ഥാന സർക്കാർ നേരത്തേ തന്നെ നെൽകർഷകർക്ക് വിതരണം ചെയ്തിരുന്നോ; വിശദാംശം ലഭ്യമാക്കാമോ; | (സി) | *വിഹിതം കുടിശിക ഉണ്ട്. നെല്ല് സംഭരണത്തിന് കേന്ദ്ര സർക്കാരിൽ നിന്ന് 2017-18 കാലഘട്ടം മുതൽ നാളിതുവരെ (30/06/2024) ലഭിക്കുവാനുള്ള തുകയുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*<br><br>*എല്ലാ വർഷങ്ങളിലും നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് നൽകേണ്ട തുക സംസ്ഥാനത്ത് നെൽകർഷകർക്ക് സംഭരണം നടക്കുന്ന മുറയ്ക്ക് സപ്ലൈകോ വിതരണം ചെയ്തു വരുന്നു. 2021-22 സീസൺ വരെയുള്ള എല്ലാ കർഷകർക്കും നെല്ലിന്റെ വില സപ്ലൈകോ നൽകി കഴിഞ്ഞു. 2022-23 സീസണിൽ ഏകദേശം 3 കോടിയോളം രൂപ കർഷകർക്ക് വിതരണം ചെയ്യുവാനുണ്ട്. ആയതു എത്രയും പെട്ടെന്ന് നൽകുന്നതിനുള്ള നടപടികൾ സപ്ലൈകോ സ്വീകരിച്ചു വരുന്നു. 2023-24 സീസണിൽ ഇതുവരെ (upto 23/06/2024) 1,98,215 കർഷകരിൽ നിന്ന് 5.58 LMT നെല്ല് സംഭരിച്ചിട്ടുണ്ട്. എസ്.ബി.ഐ., കാനറ ബാങ്കുകളിലൂടെ PRS വായ്പ മുഖേനയാണ് നിലവിൽ കർഷകരുടെ സംഭരണ വില നൽകി വരുന്നത്. ഇതിലേക്കായി 1,69,260 കർഷകർക്ക് നൽകുന്നതിനായി 1352.37 കോടി രൂപയുടെ ലിസ്റ്റ് ടി ബാങ്കുകളിലേക്കായി സപ്ലൈകോ നൽകിയിട്ടുണ്ട്. ആയതിൽ 1,47,366 കർഷകർക്ക് നെല്ലിന്റെ വിലയായി 1190.62 (upto 30/06/2024) കോടി രൂപ മേൽ പറഞ്ഞ ബാങ്കുകളിലൂടെ വിതരണം ചെയ്തു കഴിഞ്ഞു. ബാക്കി വരുന്ന കർഷകർക്ക് അടിയന്തിരമായി പണം നൽകുന്നതിനുള്ള സത്വര നടപടികൾ സപ്ലൈകോ സ്വീകരിച്ചു വരികയാണ്. കേന്ദ്രവിഹിതം ലഭ്യമാക്കുന്നതിന് ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി തലത്തിലും ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറി തലത്തിലും കേന്ദ്ര സർക്കാറിന് അർദ്ധഔദ്യോഗിക കത്തുകൾ നൽകിയിട്ടുണ്ട്.* |

| | | | |
|---|---|---|---|
| (ഡി) | കേന്ദ്രവിഹിതം ലഭ്യമാകാത്തതിന്റെ കാരണം വിശദമാക്കാമോ; ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ? | (ഡി) | ഖണ്ഡം (സി) യിൽ കണ്ടാലും |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| സാമ്പത്തിക വർഷം | ക്ലെയിം തുക (cr) | അനുവദിച്ച തുക (cr) | കുടിശ്ശിക (Cr) | കേന്ദ്ര വിഹിതം ലഭ്യമാകാത്തതിനുള്ള കാരണങ്ങൾ |
|---|---|---|---|---|
| 2017-18 | 742.68 | 736.31 | 6.37 | *നോർമൽ റിഡക്ഷൻ |
| 2018-19 | 538.2 | 531.66 | 6.54 | നോർമൽ റിഡക്ഷൻ |
| 2019-20 | 1221.76 | 1125.11 | 96.65 | 1. അധികമായി വിട്ടുഎടുത്ത ടൈഡ് ഓവർ ക്വാണ്ടിറ്റി ആയ 35074.316/MT ക്കു ക്ലെയിം തുകയിൽ നിന്ന് Rs.82.54Cr കുറച്ചു.<br>2. Rs.14.12cr നോർമൽ റിഡക്ഷൻ |
| 2020-21 | 1269.25 | 1254.15 | 15.10 | Rs 15.10 cr നോർമൽ റിഡക്ഷൻ |
| 2021-22 | 1380.91 | 1349.02 | 31.89 | 1. ടൈഡ് ഓവർ ഇനത്തിൽ Rs.2600/MT നിരക്കിൽ 1,16,197.51/MT ക്ക് കുറച്ച തുക Rs.11.33 cr<br>2. സപ്ലിമെന്ററി ബില്ല് സമർപ്പിച്ചപ്പോൾ ഉള്ള വ്യത്യാസം മൂലം കുറച്ച തുക Rs.4.31cr<br>3.Rs.16.24cr നോർമൽ റിഡക്ഷൻ |
| 2022-23 | 1491.64 | 1140.41 | 351.23 | 1. മേപ്പർ റിപ്പോർട്ട് പ്രകാരം phh സ്കീമിൽ അധികമായി വിതരണം നടത്തിയ 66028.93 MT ക്വാണ്ടിറ്റിക്ക് തടഞ്ഞു വെച്ചിരിക്കുന്ന തുക - Rs 207.56 cr<br>2. ടൈഡ് ഓവർ ഇനത്തിൽ അധിക തുക കൈപറ്റിയതിനാൽ Rs.2600/MT നിരക്കിൽ തടഞ്ഞുവെച്ചിരിക്കുന്ന തുക -Rs.31.26Cr<br>3. ഓഡിറ്റഡ് അക്കൗണ്ട് ഹാജാരാക്കാത്തതിനാൽ അനുവദിച്ച തുകയുടെ 7 % ഒഴിവാക്കിയത് -Rs 85.84 cr<br>4. Rs 26.57 cr നോർമൽ റിഡക്ഷൻ |
| 2023-24 | 1320.50 | 1125.12 | 195.38 | 1. ഓഡിറ്റഡ് അക്കൗണ്ട് ഹാജാരാക്കാത്തതിനാൽ അനുവദിച്ച തുകയുടെ 7 % ഒഴിവാക്കിയത് -Rs.70.49cr 2.മേപ്പർ റിപ്പോർട്ട് പ്രകാരം അധികമായി വിതരണം നടത്തിയ 3631.26/MT ക്വാണ്ടിറ്റിക്ക് തടഞ്ഞു വെച്ചിരിക്കുന്ന തുക -Rs.12.31cr<br>3. FRK ക്വാണ്ടിറ്റ-3378.98/MT ക്ക് ഒഴിയുവാക്കിയ തുക- Rs.10.08cr<br>4.Rs.13.20cr നോർമൽ റിഡക്ഷൻ<br>5. ടൈഡ് ഓവർ ഇനത്തിൽ Rs.2600/MT നിരക്കിൽ 119524.21/MT.ക്ക് കുറച്ച തുക Rs. 31.08cr<br>6). 58.22cr Q4 ബിൽ സമർപ്പിച്ചതിൽ ലഭിച്ച തുകയിൽ ബാക്കി ലഭിക്കാനുള്ളത്. |
| 2024-25 | 376.34 | 0 | 376.34 | അഡ്വാൻസ് ക്ലെയിം Q1(April 24 - June 24) |
| Total | 8341.28 | 7261.78 | 1079.50 | |

*നോർമൽ റിഡക്ഷൻ- ഓരോ സീസണിലെയും പദ്ധതി പൂർത്തീകരിച്ച് ആഡിറ്റ് ചെയ്ത വിവരങ്ങൾ നൽകുന്നതുവരെ തടഞ്ഞു വെയ്ക്കുന്ന തുക